# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 68
28-01-2019-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ച്**

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) നവകേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ച് വഴി എത്ര കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ; | സർക്കാർ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളച്ചെലവിന് തുല്യമായ 2200 കോടി രൂപ സാലറി ചലഞ്ച് മുഖേന സമാഹരിക്കണമെന്നതായിരുന്നു ലക്ഷ്യം. അതേസമയം, ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ച് നിർബന്ധിതമല്ലായെന്നും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകുമെന്നും സർക്കാർ തുടക്കം മുതൽ തന്നെ വ്യക്തമാക്കിയിരുന്നു. പല കാരണങ്ങളാൽ ഒരു മാസത്തെ സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളവർ വിട്ടു നിന്നിട്ടുണ്ട്. |
| ബി) ഇതിൽ എത്ര കോടി രൂപ ഇതിനകം സംഭാവനയായി പിരിച്ചെടുക്കുവാൻ കഴിഞ്ഞുവെന്നും ഗഡുക്കളായി സംഭാവന ചെയ്യുവാനുള്ള ഓപ്ഷൻ തെരഞ്ഞെടുത്തവർ ബാക്കി ഗഡുക്കൾ കൂടി സംഭാവന ചെയ്ത് കഴിയുമ്പോൾ ആകെ എത്ര കോടി രൂപ ലഭിക്കുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കാമോ? | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ സാലറി ചലഞ്ച് വഴി 04.02.2019,രാവിലെ 10 മണിവരെയുള്ള കണക്കുകൾ പ്രകാരം 792.28 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 117.69 കോടി രൂപ ജീവനക്കാരുടെ ഉത്സവബത്ത സി എം ഡി ആർ എഫ് ലേക്ക് വകകൊള്ളിച്ചതാണ്. ഇത് കഴിച്ച് 674.69 കോടി രൂപ ജീവനക്കാരുടെ സാലറി ചലഞ്ച് വഴി ട്രഷറി അക്കൗണ്ടിൽ വരുന്ന തുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ ബാങ്ക് അക്കൗണ്ടുകളിൽ അടച്ച തുക 133.31 കോടി രൂപയാണ്. ഇത്തരത്തിൽ ഇതിനോടകം 808 കോടി രൂപ സാലറിചലഞ്ച് വഴി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ സാലറിചലഞ്ച് മുഖേന 1500 കോടി രൂപ ലഭിയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**